സംസ്ഥാന പ്രോജക്ട് ഡയറക്ടറുടെ കാര്യാലയം
**സമഗ്ര ശിക്ഷാ, കേരളം (എസ്.എസ്.കെ)**
എസ്.എസ്.എ. ഭവൻ, നന്ദാവനം, തിരുവനന്തപുരം 695 033
ഫോൺ : 0471-2320826, 2320352, 2320703. ഇ-മെയിൽ: ssakerala@gmail.com

NO TO DRUGS

നമ്പർ F3/22105/2024/എസ്.എസ്.കെ./സ്റ്റാർസ്

തീയതി : 27/02/2024

## ക്വട്ടേഷൻ നോട്ടീസ്

വിഷയം : സമഗ്ര ശിക്ഷാ കേരളം (STARS) പ്രോജക്ട് - ഡീസെൻട്രലൈസ്ഡ് പ്ലാനിംഗ് & ഫിനാൻഷ്യൽ മാനേജ്മെന്റ് നാഷണൽ ശില്പശാല 2024 മാർച്ച് 6 മുതൽ 9 വരെ തിരുവനന്തപുരം വഴുതയ്ക്കാട് ഹയാത്ത് റീജൻസി ഹോട്ടലിൽ വച്ച് സംഘടിപ്പിക്കുന്നു - വിശിഷ്ടാതിഥികൾക്ക് വാഹനം ലഭ്യമാക്കുന്നത് - സംബന്ധിച്ച് :

സൂചന : മിനിസ്ട്രി ഓഫ് എജ്യൂക്കേഷന്റെ 2024 ഫെബ്രുവരി 23 ലെ 12-4/2023-IS.1 നമ്പർ കത്ത്

സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ 2024 മാർച്ച് 6 മുതൽ 9 വരെ തിരുനന്തപുരം വഴുതയ്ക്കാട് ഹയാത്ത് റീജൻസി ഹോട്ടലിൽ വച്ച് മിനിസ്ട്രി ഓഫ് എജ്യൂക്കേഷന്റെയും വേൾഡ് ബാങ്ക് ടീമിന്റെയും ആഭിമുഖ്യത്തിൽ സ്റ്റാർസ് പ്രോജക്ടിന്റെ ഭാഗമായി നാഷണൽ ശില്പശാല സംഘടിപ്പിക്കുന്നു. ടി ശില്പശാലയിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽ നിന്നുള്ള ഉന്നത ഉദ്യോഗസ്ഥരും സ്റ്റാർസ് പ്രോജക്ട് നടപ്പിലാക്കുന്ന കേരളമുൾപ്പടെ ആറ് സംസ്ഥാനങ്ങളിലെ ഉന്നത ഉദ്യോഗസ്ഥരും വേൾഡ് ബാങ്ക് ടീമും സെൻട്രൽ പി.എം.യു. ഉദ്യോഗസ്ഥരും പങ്കെടുക്കുന്നു. ശില്പശാലയിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥരുടെ യാത്രയ്ക്ക് മികച്ച ഗതാഗത സൗകര്യം ഒരുക്കുന്നതിനായി അംഗീകൃത ഏജൻസികൾ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരിൽ നിന്നും മത്സര സ്വഭാവമുള്ള ക്വട്ടേഷൻ ക്ഷണിക്കുന്നു.

**നിബന്ധനകൾ**

1. ആകെ 10 മുതൽ 14 വരെ ഇന്നോവ ക്രസ്റ്റ കാറുകൾ 2024 മാർച്ച് 5 മുതൽ മാർച്ച് 9 ന് വൈകുന്നേരം വരെ ലഭ്യമാക്കണം.
2. ഏതെങ്കിലും വാഹനം തുടർ ദിവസങ്ങളിൽ ആവശ്യമായി വരുന്ന അവസരത്തിലോ മാത്രമല്ല ഒന്നോ രണ്ടോ ദിവസം മുൻപ് ഉദ്യോഗസ്ഥർ അവരുടെ സംസ്ഥാനങ്ങളിലേക്ക് തിരികെ പോകുകയോ ചെയ്യുന്ന അവസരത്തിലോ അനുയോജ്യമായ ക്രമീകരണങ്ങൾ വരുത്തുന്നതിനും സേവനം അവസാനിപ്പിക്കുന്നതിനും എസ്.എസ്.കെ. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും.
3. വാഹനങ്ങളിൽ മികച്ച AC സംവിധാനം, മറ്റ് സൗകര്യങ്ങൾ എന്നിവ ഉണ്ടാകണം.

RKB

4. മോട്ടോർ വാഹന വകുപ്പു നിയമ പ്രകാരം നിയമാനുസൃതമായ എല്ലാരേഖകളും അതാതു വാഹനങ്ങളിൽ ഉണ്ടാകണം.

5. വാഹനങ്ങളുടെ ഡ്രൈവർക്ക് അംഗീകൃത ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.

6. അതിഥികളായെത്തുന്ന ഉദ്യോഗസ്ഥരോട് മാന്യമായി പെരുമാറുന്നവരാകണം.

7. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി : 29/02/2024 സമയം 4.00 pm

8. ക്വട്ടേഷൻ തുറക്കുന്ന തീയതി : 29/02/2024 സമയം 4.40 pm

9. ക്വട്ടേഷൻ തുറക്കുന്ന സമയത്ത് ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളുടെയോ ഏജൻസികളുടെയോ വ്യക്തികളുടെയോ ഉത്തരവാദിത്തപ്പെട്ട പ്രതിനിധികൾക്ക് ഹാജരാകാവുന്നതാണ്.

10. കൃത്യതയോടെ അല്ലാതെയും വൈകിയും ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

11. ഏതൊരു ക്വട്ടേഷനും കാരണം വിശദീകരിക്കാതെ തന്നെ നിരസിക്കുന്നതിനുള്ള അവകാശം ചുവടെ ഒപ്പിട്ടിരിക്കുന്ന ആളിൽ നിക്ഷിപ്തമാണ്.

12. നിബന്ധനകൾ പാലിക്കാത്ത തരത്തിൽ ഉള്ള അനുഭവങ്ങൾ ഉദ്യോഗസ്ഥർക്ക് ഉണ്ടാവുകയാണെങ്കിൽ പണം അനുവദിക്കുന്നതല്ല.

13. വാഹനം ലഭ്യമാക്കുന്നതു സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ സമഗ്രശിക്ഷാ കേരളം സംസ്ഥാന പ്രോജക്ട് ഓഫീസ് കാര്യാലയത്തിൽ നിന്നും ലഭ്യമാകുന്നതാണ് (ഫോൺ : 0471-2320286)

14. ക്വട്ടേഷനുകൾ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷാ കേരളം, എസ്.എസ്.എ. ഭവൻ, നന്ദാവനം, വികാസ്ഭവൻ.പി.ഒ., തിരുവനന്തപുരം എന്ന വിലാസത്തിൽ ലഭിക്കത്തക്ക വണ്ണം സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനിൽ രേഖപ്പെടുത്തിയ തുകയേക്കാൾ കൂടുതൽ യാതൊരു കാരണവശാലും ആവശ്യപ്പെടാൻ പാടില്ലാത്തതും അപ്രകാരം തുക വർധിപ്പിച്ചു നൽകുന്നതുമല്ലാത്തതുമാകുന്നു.

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർക്കുവേണ്ടി

*ഉള്ളടക്കം*

ക്വട്ടേഷൻ ഫോർമാറ്റ്

# Quotation Format

| Vehicle (Make/Model) | Seating capacity | Minimum charge (km/hr) | 8 hours (80 km) | 10 hours (150 km) | Per km rate (Additional km) | Hourly Rate (Additional hours) | Remarks |
|---|---|---|---|---|---|---|---|
| | | | | | | | |

***Remarks :*** Toll charges, parking fee, Entry fee such levies will be sanctioned on production of original bills.